# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3936 — 21.10.2016-ൽ മറുപടിയ്ക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്ക് സഹായം

| ചോദ്യം<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസനത്തിനായി ലോകബാങ്ക് സഹായം ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ലഭിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസനത്തിനായി ലോകബാങ്ക് സഹായം ലഭിക്കുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം പെർഫോമൻസ് ഗ്രാന്റായി 440.52 കോടി രൂപയും തെരഞ്ഞെടുക്കപ്പെട്ട പിന്നോക്കാവസ്ഥയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 120 കോടി രൂപയും നൽകുന്നു. |
| (ബി) | പ്രസ്തുത ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ | (ബി) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പെർഫോമൻസ് ഗ്രാന്റ് ലഭ്യമാക്കുന്നതിന് വാർഷിക പൊതു വിലയിരുത്തലിൽ യോഗ്യത നേടേണ്ടതാണ്. തദ്ദേശമിത്രം (കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്) ന്റെ ഭാഗമായി നടത്തുന്ന ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വാർഷിക പ്രവർത്തന വിലയിരുത്തൽ (Annual Performance Assessment) പെർഫോമൻസ് ഗ്രാന്റിന് അർഹത നേടാൻ താഴെ പറയുന്ന വ്യവസ്ഥകളിൽ യോഗ്യത നേടേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | 1. ആസൂത്രണവും ബഡ്ജറ്റ് തയ്യാറാക്കലും<br>2. പദ്ധതി നിർവ്വഹണവും സേവന പ്രദാനവും.<br>3. അക്കൗണ്ടിംഗ്, റിപ്പോർട്ടിംഗ്, ഓഡിറ്റിംഗ്.<br>4. സുതാര്യതയും അക്കൗണ്ടബിലിറ്റിയും.<br>എല്ലാ അനിവാര്യ അവശ്യ വ്യവസ്ഥകളിലും യോഗ്യത നേടുകയും അവശ്യമായ സ്കോർ ലഭിക്കുകയും ചെയ്ത തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് വാർഷിക പ്രവർത്തന വിലയിരുത്തലിൽ യോഗ്യത നേടുന്നത്. |
| (സി) | സംസ്ഥാനത്ത് ഇതുവരെ എത്ര പഞ്ചായത്തുകൾക്ക് ലോക ബാങ്ക് സഹായം ലഭ്യമായിട്ടുണ്ടെന്നും, അവ ഏതൊക്കെ പഞ്ചായത്തുകളാണെന്നും വ്യക്തമാക്കാമോ ? | (സി) | 2011-12 വർഷം മുതൽ വിവിധ വർഷങ്ങളിലായി കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പെർഫോമൻസ് ഗ്രാന്റ് ലഭ്യമാക്കിയിട്ടുണ്ട്. |

Saradadevi

സെക്ഷൻ ഓഫീസർ.